പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ- 3390 21/12/2012-ലെ മറുപടിക്ക്

**ആർ.കെ.വി.വൈ. പദ്ധതി സംബന്ധിച്ച മാനദണ്ഡങ്ങൾ**

**ചോദ്യം**

**ശ്രീ.പി.കെ. ഗുരുദാസൻ**
**ശ്രീ.കെ. സുരേഷ് കുറുപ്പ്**
**ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**
**ശ്രീ. സി. കൃഷ്ണൻ**

**ഉത്തരം:**
**ശ്രീ. കെ.പി. മോഹനൻ**
**(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയുംവകുപ്പ് മന്ത്രി)**

എ) രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ) പദ്ധതി പ്രകാരമുള്ള സഹായം സംസ്ഥാനത്ത് ലഭ്യമാക്കേണ്ടത് സംബന്ധിച്ച മാനദണ്ഡം കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(എ) നിർദ്ദേശിച്ചിട്ടുണ്ട്. ഓരോ വർഷത്തേയും അനുവദനീയമായ ധനസഹായം നിശ്ചയിക്കുന്നത്, സംസ്ഥാന സർക്കാർ അതാതു വർഷങ്ങളിൽ ആർ.കെ.വി.വൈയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയെയും മുൻ വർഷങ്ങളിൽ കാർഷികാനുബന്ധ മേഖലകളിൽ ചെലവഴിച്ച തുകയെയും (ആർ.കെ.വി.വൈ ഒഴികെ) കേന്ദ്ര ആസൂത്രണ കമ്മീഷൻ നിശ്ചയിക്കുന്ന മാർഗ്ഗ രേഖകളെയും അടിസ്ഥാനമാക്കി ആയിരിക്കും

ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള സഹായത്തിന് അർഹരായവരെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ വിശദീകരിക്കുമോ;

(ബി) എസ്.എൽ.എസ്.സി അംഗീകരിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്ന ഏജൻസികൾ പ്രസ്തുത പദ്ധതികളിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ചാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

സി) പ്രസ്തുത പദ്ധതി പ്രകാരം ഇതിനകം സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റി സാങ്ഷൻ ചെയ്ത സഹായ ധനം എത്രയാണ്; പ്രസ്തുത മാനദണ്ഡങ്ങൾ എല്ലാം പാലിച്ചുകൊണ്ടാണോ അവ അനുവദിച്ചിട്ടുള്ളത്;

(സി) 19-05-2012-ന് കൂടിയ സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റി 105.55 കോടി രൂപയുടെ പദ്ധതികളാണ് അംഗീകരിച്ചത്. അതെ.

ഡി.)പ്രസ്തുത പദ്ധതി പ്രകാരം സർക്കാരിതര സ്വകാര്യ സംഘടനയ്ക്ക് സഹായം നൽകാൻ വ്യവസ്ഥയുണ്ടോ; എങ്കിൽ വ്യവസ്ഥ സംബന്ധിച്ച് വിശദമാക്കുമോ?

(ഡി) എസ്.എൽ.എസ്.സി അംഗീകരിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്ന ഏജൻസികൾ പ്രസ്തുത പദ്ധതികളിൽ നിഷ്കർഷിച്ചിട്ടുളള മാനദണ്ഡങ്ങൾ അനുസരിച്ചാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

സെക്ഷൻ ഓഫീസർ